# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ് പടന്നക്കാട്

നമ്പർ. ജി2-6855/2022

തീയ്യതി: 26.07.2024

**ദർഘാസ് പരസ്യം**

പടന്നക്കാട് കാർഷിക കോളേജിലെ റിവോൾവിംഗ് ഫണ്ട്-I-ന് കീഴിൽ ½ കി.ലോ കവറോടുകൂടിയ "കിർണി തൈകൾ" ലഭ്യമാക്കുന്നതിന് കരാർ പ്രകാരം മത്സരാടി സ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നം. | ഇനങ്ങൾ | എണ്ണം |
|---|---|---|
| 1. | ½ കി.ലോ കവറോടുകൂടിയ "കിർണി തൈകൾ" | 10000 എണ്ണം |

താൽപര്യമുള്ള വ്യക്തികളോ സ്ഥാപനങ്ങളോ ഒരു "കിർണി തൈ" ലഭ്യമാക്കുന്നതിന് എത്ര രൂപ എന്ന് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസുകൾ ടെൻഡർ ഫീസ്, നിരതദ്രവ്യം എന്നിവയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ പണമടച്ച രശീത്, സമ്മതപത്രം എന്നിവ സഹിതം കവറിൽ അടക്കം ചെയ്ത് **ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് - 671 314, കാസർഗോഡ് ജില്ല** എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. നികുതിയും മറ്റ് ചാർജ്ജുകളും ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ചരക്ക് കൂലിയും, കടത്തുകൂലിയും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 16.08.2024 ന് (വെള്ളിയാഴ്ച) ഉച്ചയ്ക്ക് 2 മണി വരെയാണ് അന്ന് 2.30 മണിക്ക് തന്നെ ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും, പൂർണ്ണമല്ലാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. വിജയിയായ കരാറുകാരൻ അറിയിപ്പ് കിട്ടി '7' ദിവസത്തിനകം കിർണി തൈകൾ ലഭ്യമാക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് ഓഫീസ് സമയത്ത് (ഫോൺ നം. 0467-2280616 എന്ന നമ്പറിൽ) അന്വേഷിക്കാവുന്നതാണ്. വിശദാംശങ്ങൾ, ടെഡർ ഫോം, കരാറുകളുടെ മാതൃക തുടങ്ങിയവ കെ.എ.യു വെബ്സൈറ്റായ www.kau.edu/tenders- ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ടെൻഡർ ഫീസ് : രേഖപ്പെടുത്തിയ മൊത്തം തുകയുടെ 0.2% 100-ന്റെ അടുത്ത ഗുണിതത്തിലേക്ക് റൗണ്ട് ചെയ്തത് (കുറഞ്ഞത്: 400/- രൂപ കൂടിയത് 1500/- രൂപ)+ജി.എസ്.ടി 18%.

നിരതദ്രവ്യം : 1500/- രൂപ

ടെൻഡർ നൽകേണ്ട അവസാന തീയതിയും, സമയവും : 16.08.2024, 2 മണി

ടെൻഡർ തുറക്കുന്ന തീയതിയും, സമയവും : 16.08.2024, 2.30 മണി

**ഉപാധികളും, നിബന്ധനകളും:-**

1. www.kau.edu/tenders എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമുകളിൽ ടെൻഡർ സമർപ്പിക്കണം. ആയതിനുള്ള ടെൻഡർ ഫീസ് ഒരു കാരണവശാലും തിരികെ നൽകില്ല.

2. ടെൻഡർ അടങ്ങുന്ന സീൽ ചെയ്ത കവറിനു മുകളിൽ "കിർണി തൈകൾ ലഭ്യമാക്കുന്നതിനുള്ള ടെൻഡർ" (അറിയിപ്പ് നമ്പർ സഹിതം) എന്ന് എഴുതി ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് എന്ന് വിലാസത്തിൽ അയക്കണം.
3. ടെൻഡറിനൊപ്പം ടെൻഡർ ഫീസ്, ജി.എസ്.ടി, നിരതദ്രവ്യം എന്നിവയ്ക്ക് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് എന്ന പേരിൽ നീലേശ്വരം ശാഖയിൽ മാറാവുന്ന 3 വ്യത്യസ്ത ഡിമാന്റ് ഡ്രാഫ്റ്റുകൾ കവറിൽ അടക്കം ചെയ്യേണ്ടതാണ്. വൈകിയതും അപൂർണ്ണവുമായ ടെൻഡറുകളും, ഇഎംഡിയും ടെൻഡർ ഫീസും സമ്മതപത്രവും ഇല്ലാത്ത ടെൻഡറുകളും സ്വീകരിക്കുന്നതല്ല.
4. ടെൻഡറിനൊപ്പം 200 രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.
5. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി നൽകേണ്ടതാണ്. കൂടാതെ രേഖപ്പെടുത്തിയ മൊത്തം തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി, (ക്യാഷ് / ടേം ഡെപ്പോസിറ്റ്/ ബാങ്ക് ഗ്യാരണ്ടി/ ഡിമാൻഡ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്. കരാറിന്റെ മാതൃക മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.
6. ടെൻഡർ തുറക്കുന്ന തീയതിയിൽ എന്തെങ്കിലും ബന്ദ്/ പണിമുടക്ക്/ അപ്രതീക്ഷിത അവധി ദിവസങ്ങൾ ഉണ്ടായാൽ, അടുത്ത പ്രവൃത്തി ദിവസം അതേ സമയം ടെൻഡർ തുറക്കും. ടെൻഡറുകൾ സ്വീകരിക്കുന്നതിൽ ഡീനിന്റെ തീരുമാനം അന്തിമമായിരിക്കും.
7. തൈകൾ എത്തിച്ചു തന്നതിനുശേഷം മാത്രം പ്രതിഫലം നൽകുന്നതാണ്. ശേഷം, സമർപ്പിക്കുന്ന ഇൻവോയ്സിന്റെ തുക ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തരം അനുവദിക്കുന്നതായിരിക്കും. കരാറുകാരൻ ജി.എസ്.ടി നമ്പറും (ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടെങ്കിൽ) പാൻ നമ്പറും ലഭ്യമാക്കേണ്ടതാണ്. നിലവിലുള്ള നിരക്കിൽ ആദായ നികുതി കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.
8. തൈകൾ എത്തിച്ചു തരുന്നതിൽ വീഴ്ച വരുത്തുന്ന കരാറുകാരന്റെ പേര് പട്ടികയിൽ നിന്ന് സ്ഥിരമായോ ഒരു നിശ്ചിത കാലയളവിലേക്കോ നീക്കം ചെയ്യാനുള്ള അവകാശം ഡീനിൽ നിക്ഷിപ്തമാണ്.
9. ടെൻഡർ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും.
10. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

ഒപ്പ്/-
**ഡോ.ടി സജിതാ റാണി**
ഡീൻ

പകർപ്പ് :-

1. നോട്ടീസ് ബോർഡ് - കോളേജ് ഓഫീസ് / ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് –I & II
2. വില്ലേജ് ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് സൗത്ത്)
3. നഗരസഭാ ഓഫീസ് (നീലേശ്വരം / കാഞ്ഞങ്ങാട് )
4. പീലിക്കോട് പ്രദേശിക കാർഷിക ഗവേഷണ കേന്ദ്രം
5. കെ.എ.യു വെബ്സൈറ്റ്

6. ഡോ.സോണിയ എൻ.എസ്., അസിസ്റ്റന്റ് പ്രൊഫസർ & ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ് –I ചുമതലയുള്ള ഉദ്യോഗസ്ഥ
7. ശ്രീമതി. രേഖ എം, ഫാം മാനേജർ ഗ്രേഡ്–I, ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I
8. പർച്ചേഴ്സ് കമ്മിറ്റി
9. എ2 സെക്ഷൻ

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ